പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2071 07.03.2017 -ൽ മറുപടിക്ക്.

**ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം**

| ചോദ്യം<br>**ശ്രീ.രാജു എബ്രഹാം** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന അരിയുടെയും മറ്റു ധാന്യങ്ങളുടെയും ഗുണനിലവാരം പരിശോധിക്കാറുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ മാർഗ്ഗങ്ങൾ ഉപയോഗിച്ചാണ് ഗുണനിലവാര പരിശോധന നടത്താറുള്ളത് എന്ന് പറയാമോ ; | (എ) ഉണ്ട്; സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പ വരുത്തുന്നതിന് ക്രിയാത്മകവും കാര്യക്ഷമവുമായ നടപടികളാണ് വകുപ്പ് സ്വീകരിച്ചു വരുന്നത്. ടി ഭക്ഷ്യധാന്യങ്ങളുടെ സംഭരണവും വിതരണവും മുഖ്യമായും വഹിക്കുന്നത് എഫ്.സി.ഐ ഗോഡൗണുകളിലാണ്. എഫ്.സി.ഐ യിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്നതിന് മുൻപായി ജില്ലാ സപ്ലൈ ഓഫീസർമാർ ബന്ധപ്പെട്ട എഫ്.സി.ഐ ഗോഡൗണുകളിൽ ഗുണനിലവാരമുള്ള അരി/ഗോതമ്പ് എന്നിവയുടെ ലോട്ട് മുൻകൂറായി മാർക്ക് ചെയ്യുകയും ആയതിൽ നിന്ന് വിട്ടെടുക്കുകയും ചെയ്യുന്നു. എഫ്.സി.ഐ യിൽ നിന്നും വിട്ടെടുക്കുന്നതിന്റെ സാമ്പിളുകളുടെ എല്ലാ വിവരങ്ങളും പ്രത്യേകം രേഖപ്പെടുത്തി സീൽ ചെയ്ത് സൂക്ഷിക്കുകയും കൂടാതെ റേഷൻ ഡിപ്പോകൾക്ക് ലഭ്യമാകുന്ന ഭക്ഷ്യവിഹിതത്തിന്റെ ഗുണനിലവാരം ഉറപ്പ വരുത്തുന്നതിന് വിതരണ സമയത്തും റേഷനിംഗ് ഇൻസ്പെക്ടർ പ്രത്യേകം പരിശോധന നടത്തി സാമ്പിൾ പാക്കറ്റുകൾ പ്രദർശിപ്പിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തുകയും അപ്രകാരം ചെയ്യാത്ത എ.ആർ.ഡി കൾക്കെതിരെ നടപടി സ്വീകരിക്കുയും ചെയ്യുന്നു. മാത്രമല്ല ഗുണനിലവാരം സംബന്ധിച്ചുള്ള പരാതി ലഭ്യമായാൽ നേരിട്ട് പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുയും ചെയ്യാറുണ്ട്. |
| (ബി) റേഷൻകടകൾ വഴി നിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നു എന്നത് സംബന്ധിച്ച പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; കഴിഞ്ഞ ഒരു വർഷത്തിനിടെ ഇത്തരത്തിൽ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ; | (ബി) ആകെ നാല് പരാതികളാണ് ലഭിച്ചിട്ടുള്ളത്. അവയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>കോട്ടയം - 1<br>ഇടുക്കി - 2<br>കണ്ണൂർ - 1 |
| (സി) ഈ പരാതികളിന്മേൽ സ്വീകരിച്ച നടപടി എന്തൊക്കയാണെന്ന് വ്യക്തമാക്കാമോ ? | (സി) കോട്ടയം ജില്ലയിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ എ.ആർ.ഡി യുടെ ലൈസൻസ് താല്ക്കാലികമായി റദ്ദ് ചെയ്തു. എന്നാൽ മറ്റ് ജില്ലകളിലെ പരാതികൾ അടിസ്ഥാന രഹിതമാണെന്ന് ബോധ്യപ്പെട്ടതിനാൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ